DHARMARAM COLLEGE LIBRARY BANGALORE

The Palai Diocesan Bulletin

സന്ദേശപ്രകാശം

Dominus Illuminatio Mea

Vol. XVII | 1967 APRIL | No. 2

Pastoral Letter No. 83

ദൈവകൃപയാലും പരിശുദ്ധ സിംഹാസനത്തിന്റെ
സംതൃപ്തിയാലും പാലാ രൂപതയുടെ
മെത്രാനായ

ഞാൻ



വയലിൽ സെബാസ്റ്റ്യൻ

നമ്മുടെ അധികാരത്തിലുള്ള പള്ളികളിലേ ബ. വൈദികർക്കും
സന്യാസിമാർക്കും കന്യാസ്ത്രീകൾക്കും നമ്മുടെ പ്രിയപ്പെട്ട
വിശ്വാസികൾ എവർക്കും നമ്മുടെ കർത്താവിൽ
സമാധാനവും വാഴ്വും

വന്ദ്യ സഹോദരരേ, പ്രിയ മക്കളേ,

വിജയത്തിന്റേയും നല്ലപ്രതീക്ഷകളുടേയും തിരുനാളായ ഈസ്റ്റർദിനത്തിൽ, തിരുസ്സഭയെ ഭാഗ്യമോടെ ഭരിക്കുന്ന ആറാം പൗലോസു് മാർപ്പാപ്പാ ഒരു ചാക്രികലേഖനം പ്രസിദ്ധം ചെയ്തിട്ടുണ്ടു്. ജനതകളുടെ ക്ഷേമാഭിവൃദ്ധിയെ (Progressio populorum) അധികരിച്ചാണു പ്രസ്തുത വിശ്വലേഖനം എഴുതിയിരിക്കുന്നതു്. ദേശാന്തരീയവും സാർവ്വലൗകികവുമായ പ്രശ്നങ്ങളെ വിശകലനംചെയ്തും പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിച്ചും പരിശുദ്ധപിതാവു ചെയ്തിരിക്കുന്ന പ്രസ്താവനകൾ ഇതിനകം ലോകനേതാക്കന്മാരുടെ പ്രശംസകളാർജ്ജിച്ചുകഴിഞ്ഞിരിക്കുന്നു. രാഷ്ട്രീയ ചിന്തകരുടേയും ഭരണകർത്താക്കളുടേയും അവഗാഢമായ പഠനത്തിനു വിഷയമാകേണ്ട കാര്യങ്ങളാണു പ്രസ്തുത വിശ്വലേഖനത്തിന്റെ ഉള്ളടക്കം. സുവിശേഷതത്വങ്ങളുടെ വെളിച്ചത്തിലും രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ പ്രഖ്യാപനങ്ങൾക്കനുസൃതമായും തിരുസ്സഭാദ്ധ്യക്ഷൻ ലോകപ്രശ്നങ്ങളെ ഇതിൽ അവലോകനം ചെയ്തിരിക്കയാണു്.

സാമൂഹിക പ്രശ്നങ്ങളുടെ വിശ്വവ്യാപകമായ സ്വഭാവവിശേഷത്തെയാണു പരിശുദ്ധപിതാവു് ആദ്യമായി ചൂണ്ടിക്കാണിക്കുന്നതു്. ലോകത്തിൽ നിലവിലിരിക്കുന്ന ശ്രുക്ഷമായ അസമത്വങ്ങളേയും ഒരുവിഭാഗം ജനങ്ങൾ അനുഭവിക്കുന്ന കഠിനമായ ദാരിദ്ര്യത്തേയും ഒട്ടുവളരെ ജനങ്ങൾക്കു നേരിട്ടിരിക്കുന്ന കഷ്ടാരിഷ്ടതകളേയും ഇവയുടെ പരിഹാരംതേടേണ്ട അടിയന്തിര ആവശ്യത്തേയും പരിശുദ്ധ പിതാവു വിശദീകരിക്കുന്നുണ്ടു്. ജനതകളുടെ ദു:ഖാർത്തമായ ശബ്ദം സഭയെ ആകുലചിത്തയാക്കിത്തീർത്തിരിക്കുന്നു. സഹോദരങ്ങളുടെ സഹായാഭ്യർത്ഥനകൾ കേട്ടു്, പരസ്നേഹ

പ്രവൃത്തികൾക്കു സന്നദ്ധരാകുവാൻ വന്ദ്യപിതാവു് ഏവരേയും ആഹ്വാനം ചെയ്യുന്നു. ഇക്കാര്യം സംബന്ധിച്ചു പരിശുദ്ധ പിതാവു് അടുത്തകാലത്തു് ആരംഭിച്ച ഒരു പ്രസ്ഥാനത്തെപ്പറ്റിയും ഇവിടെ സൂചിപ്പിക്കുന്നുണ്ടു്. ജനപദങ്ങളുടെ ക്ഷേമൈശ്വര്യങ്ങളെ ലാക്കാക്കിയും വത്തിക്കാൻ കൗൺസിലിന്റെ അഭിലാഷത്തെ പരിഗണിച്ചും മാർപ്പാപ്പാ ഒരു പൊന്റിഫിക്കൽ കമ്മീഷനെ നിയമിച്ചിട്ടുണ്ടു്. നീതിക്കും സമാധാനത്തിനും വേണ്ടിയുള്ള കമ്മീഷൻ (Pontifical commission for justice and peace) എന്നാണു് അതിന്റെ പേരു്. ദരിദ്രരാഷ്ട്രങ്ങൾ ഐശ്വര്യം പ്രാപിക്കുക, രാഷ്ട്രങ്ങൾ തമ്മിൽ സാമൂഹികനീതി പാലിക്കുക, വികസ്വര രാഷ്ട്രങ്ങളുടെ ഉയർച്ചക്കു് അവർതന്നെ അവലംബിക്കേണ്ട മാർഗ്ഗങ്ങൾ, മുതലായവയെപ്പറ്റി "ദൈവത്തിന്റെ ജനങ്ങളിൽ" പൂർണ്ണമായ അറിവും കർത്തവ്യബോധവും സംജാതമാക്കുകയാണു പ്രസ്തുത കമ്മീഷന്റെ ഉദ്ദേശ്യം.

നൂറ്റാണ്ടുകളായി നിലനിന്നുപോരുന്ന അസമത്വങ്ങൾ ശാസ്ത്രീയാഭിവൃദ്ധിയുടേയും വ്യാവസായികവിപ്ലവത്തിന്റേയും ഫലമായി കൂടുതൽ കൂടുതൽ രൂക്ഷമായിക്കൊണ്ടിരിക്കുന്നതു്. സമ്പത്തും സുഖസമൃദ്ധിയും ഒരുവശത്തും ധനദൗർല്ലഭ്യവും കഷ്ടാരിഷ്ടതകളും മറ്റൊരുവശത്തും ഏറിയേറിവരുന്നതായിട്ടാണു കാണുക. ഈ സ്ഥിതിവിശേഷം അസ്വസ്ഥതയ്ക്കും നിരാശതാബോധത്തിനും വഴിതെളിയിക്കുകയത്രേ ചെയ്യുന്നതു്. ജനങ്ങൾ സ്ഥിതിഗതിയുടെ ഗുരുതരാവസ്ഥയെപ്പറ്റി നാൾക്കുനാൾ കൂടുതൽകൂടുതൽ ബോധവാന്മാരായി വരുകയാണു്. കഷ്ടപ്പാടുകളിൽനിന്നുള്ള മോചനം, തൊഴിലും തൊഴിൽസ്ഥിരതയും, ഉത്തരവാദിത്വബോധത്തോടെ ജീവിതധർമ്മങ്ങൾ നിർവഹിക്കുവാനുള്ള സ്വാതന്ത്ര്യവും സൗകര്യവും — ഇവയെല്ലാം അവരുടെ ന്യായമായ അഭിലാഷങ്ങളുമാണു്. ഇതിലേക്കുള്ള യത്ന

ത്തിൽ ആശയക്കുഴപ്പങ്ങളും പ്രക്ഷോഭണങ്ങളും വിപ്ലവങ്ങളും മുളയെടുക്കുന്നതായും കാണുന്നുണ്ട്. മാത്രമല്ല, അക്രമപ്രവത്തനങ്ങൾക്കും സേച്ഛാധിപത്യത്തിനുതന്നേയും ഇവ വഴിതെളിക്കാവുന്നതുമാകുന്നു.

മനുഷ്യരാശി നേരിടേണ്ടിവന്നിരിക്കുന്ന ഇത്തരം പ്രശ്നങ്ങളുടെ പരിഹരണത്തിൽ തിരുസ്സഭയ്ക്കുള്ള ആകാംക്ഷ അനല്പമത്രേ. വിഷയങ്ങളുടെ സാമ്പത്തികവും സാമൂഹികവും, സാംസ്കാരികവും ആദ്ധ്യാത്മികവുമായ വശങ്ങളെപ്പറ്റി വ്യക്തമായ അറിവുക്രൂടാതെ അവ കൈകാര്യം ചെയ്യുവാൻ സാദ്ധ്യമാവുകയില്ലല്ലോ. സഭയുടെ പ്രവത്തനരംഗം ആദ്ധ്യാത്മികമാണു്. രാഷ്ട്രങ്ങളുടെ ഭരണകാര്യങ്ങളിൽ കൈകടത്തുവാൻ സഭ ഉദ്ദേശിക്കുന്നുമില്ല. പക്ഷേ, സഭയ്ക്കു മാനുഷിക സംഭവഗതികളെപ്പറ്റി വളരെ അനുഭവജ്ഞാനമുണ്ടെന്നുള്ള വസ്തുത വിസ്മരിച്ചുക്രൂടാ. മിശിഹാ ലോകത്തിൽ ആരംഭിച്ച കൃത്യം തുടന്നുപോകേണ്ടതു് സഭയുടെ ആവശ്യവും കടമയുമാണു്. ക്രിസ്തുനാഥനാവട്ടെ ലോകത്തിലവതരിച്ചതു് സത്യത്തിനു സാക്ഷ്യംവഹിക്കുവാനാണു്; ശുശ്രൂഷിക്കുവാനാണു്, നീതിവിധി ചെയ്യുവാനല്ല; സേവിക്കുവാനാണു്, സേവിക്കപ്പെടുവാനല്ല. സഭയും രാഷ്ട്രവും തികച്ചും വ്യത്യസ്തമായ മണ്ഡലങ്ങളിലാണു വത്തിക്കുന്നതു്. അതതിന്റെ മണ്ഡലങ്ങളിൽ പരമമായ അധികാരം അവയ്ക്കുണ്ടെന്നുള്ളതും വാസ്തവമാകുന്നു. സഭയാവട്ടെ, ചരിത്രത്തിന്റെ നീണ്ട കാലഘട്ടങ്ങളെ അതിജീവിച്ചിട്ടുള്ള സജീവസ്ഥാപനമാണല്ലോ. മാറിവരുന്ന പരിതോവസ്ഥളെ തിരിച്ചറിയുവാനും വ്യാഖ്യാനിക്കുവാനും അവർക്കു കഴിവും ചുമതലയുമുണ്ടു്. സുവിശേഷത്തിന്റെ വെളിച്ചത്തിൽ മനുഷ്യവർഗ്ഗത്തെ ആകമാനം ഉൾക്കൊള്ളിച്ചുള്ള വീക്ഷണരീതിയാണു സഭ സ്വീകരിച്ചിട്ടുള്ളതു്.

വ്യക്തിപരവും ഗാർഹികവും, രാഷ്ട്രീയവും

അന്താരാഷ്ട്രീയവുമായ പ്രശ്നങ്ങളിലെല്ലാം മൗലികമായ ചില പ്രമാണങ്ങൾ സഭ എന്നും ആദരിച്ചുപോരുന്നുണ്ട്:

1. മാനുഷികപ്രശ്നങ്ങളെപ്പറ്റി പരിഗണിക്കുമ്പോൾ എല്ലാ മനുഷ്യരുടേയും കാര്യം കണക്കിലെടുക്കണം. ഓരോ വ്യക്തിയുടേയും വ്യക്തിത്വത്തിന്റെ പരിപൂർണ്ണത കണക്കാക്കി ചിന്തിക്കണം. സാമ്പത്തികമോ രാഷ്ട്രീയമോ ആയ പരിഗണനകൾമാത്രം പോരാ. ആദ്ധ്യാത്മികതപവും കൂടി ഉൾപ്പെടുത്തി മനുഷ്യന്റെ വ്യക്തിത്വത്തെ മുഴുവനായും പരിഗണിക്കേണ്ടതുണ്ട്.

2. സൃഷ്ടികളെല്ലാം സ്രഷ്ടാവിനോടു ബന്ധപ്പെട്ടിരിക്കുന്നു. ആദികാരണനും പരമാന്ത്യവും ദൈവമാണു്. മനുഷ്യജീവിതംതന്നെ ഒരു ദൈവവിളിയാണു്. ബുദ്ധിയും സ്വാതന്ത്ര്യവുമുള്ള മനുഷ്യൻ പരമാന്ത്യപ്രാപ്തിക്കുതകുന്നതരത്തിൽ ജീവിതധർമ്മങ്ങൾ ക്രമപ്പെടുത്തേണ്ടതാണു്. ജന്മസിദ്ധമായ കഴിവുകളെ ഉത്തരവാദിത്വബോധത്തോടെ വളർത്തി പൂർണ്ണതയിലെത്തിക്കണം. മിശിഹായോടുള്ള ഐക്യംവഴിയായി മനുഷ്യന്റെ വ്യക്തിത്വം പ്രകൃത്യതീതമായ തലത്തിലേക്കുയരുന്നു, പരമാവധി പരിശ്രമിച്ചു പരിപൂർണ്ണതയിൽ എത്തിച്ചേരുവാൻ കഴിവുറ്റതാവണം.

3. മനുഷ്യൻ സമുദായത്തിന്റെ അംഗവും അംശവുമാണു്. അവൻ അതീതമായ തലമുറകളുടെ സന്താനവും അവരുടെ സംസ്കാരസമ്പത്തിന്റെ അവകാശിയുമത്രേ. സമകാലികന്മാരുടെ നേട്ടങ്ങളിൽ അംശഭാഗിയാവാനവകാശിയുമാണവൻ. ഭാവിതലമുറകൾക്കു മുതൽക്കൂട്ടുവാനുള്ള ബാദ്ധ്യസ്ഥതയും അവനുണ്ടു്. വ്യക്തിയും സമുദായവും തമ്മിൽ അത്ര ഗാഢമായ ബന്ധമാണുള്ളതു്. ജീവിതമൂല്യങ്ങൾ അവഗണിക്കപ്പെട്ടാൽ വ്യക്തിയുടേയും സമുദായത്തിന്റേയും പുരോഗതി അപകടത്തിലാകും.

4. ജീവിക്കുവാനുള്ള വസ്തുവകകൾ സമ്പാദിക്കുക ന്യായയുക്തമാണു്. അതിലേക്കു യത്നിക്കുവാൻ കടമയുമുണ്ടു്. പക്ഷേ, ഭൗതികവസ്തുക്കളുടെ സമ്പാദനം ദ്രവ്യാഗ്രഹത്തിൽ കലാശിച്ചു എന്നു വരാം. വ്യക്തികളും കുടുംബങ്ങളും രാഷ്ട്രങ്ങളും അമിതമായ ദ്രവ്യസമ്പാദനതൃഷ്ണയ്ക്കു് അടിമപ്പെട്ടുപോയേക്കാവുന്നതാണു്. ഇതു് ആദ്ധ്യാത്മികതത്തെ ഞെക്കിക്കൊല്ലുന്ന ഭൗതികമാത്രചിന്താഗതിയായി അധ:പതിച്ചേക്കാം.

5. ധനസമ്പാദനം വ്യക്തികളുടെയോ ജനങ്ങളുടെയോ പരമലക്ഷ്യമായി കരുതാവുന്നതല്ല. ധനം ജീവിതനിർവ്വഹണത്തെ സഹായിക്കുന്ന ഉപാധിമാത്രമാണു്. അതിനെ പരമനന്മയായി കരുതുന്നവർ അതിന്റെ അടിമയായിത്തീരും. തന്നിമിത്തം അവന്റെ ഹൃദയം കഠിനവും അവന്റെ മനസ്സു സങ്കുചിതവുമായി ഭവിക്കും. ധനതൃഷ്ണ മനുഷ്യന്റെ വ്യക്തിവികസനത്തെ തടസ്സപ്പെടുത്തുകയും അവന്റെ യഥാർത്ഥപുരോഗതിക്കു വിഘ്നംവരുത്തുകയും ചെയ്യും. വ്യക്തികളുടേയും ജനപദങ്ങളുടേയും ധാർമ്മികാധ:പതനം സംഭവിക്കുന്നതു പലപ്പോഴും അതിരുകടന്ന ദ്രവ്യാഗ്രഹംമൂലമാണു്.

6. വിശ്വാസം ദൈവം നല്കുന്ന അനർഘമായ ഒരു ദാനമാണു്. ദൈവത്തെ പിതാവായും മനുഷ്യരെയെല്ലാം സഹോദരങ്ങളായും കാണുന്നതിനു വിശ്വാസം നമ്മെ പ്രാപ്തരാക്കുന്നു. സ്നേഹം നമ്മെ ദൈവത്തോടും മനുഷ്യരോടും ഗാഢമായി ബന്ധിക്കുന്നു. സർവ്വനന്മസ്വരൂപനും അനുഗ്രഹദാതാവുമായ ദൈവത്തോടുള്ള സ്നേഹബന്ധം നമ്മിൽ

നല്ല പ്രതീക്ഷകൾ ഉളവാക്കും. ജീവിതക്ലേശങ്ങളെ എളുപ്പമുള്ളതാക്കിത്തീർക്കുന്നതിനു ദൈവസ്നേഹത്തിനേ കഴിയൂ. സഹോദരങ്ങളുടെ കഷ്ടാരിഷ്ടതകളിൽ പങ്കുകൊള്ളുവാനും അവരുടെ ഭാരംക്രടി ചുമക്കുവാനും പരസ്നേഹം നമുക്കു പ്രചോദനം നല്കുന്നു.

വന്ദ്യ സഹോദരരേ, പ്രിയ മക്കളേ,

പരിശുദ്ധ പിതാവിന്റെ ചാക്രികലേഖനത്തിന്റെ വെളിച്ചത്തിൽ ഏതാനും ചില കാര്യങ്ങൾമാത്രം നിങ്ങളെ അറിയിക്കുവാനാണു് ഈ ലേഖനംമുഖേന നാം ഉദ്യമിച്ചതു്. പ്രതിപാദ്യവിഷയത്തെപ്പറ്റി നിങ്ങൾ ക്രൂടുതലായി ചിന്തിക്കുകയും, സഭയും മാപ്പ്വാപ്പായും നമ്മിൽനിന്നും പ്രതീക്ഷിക്കുന്ന നവോത്ഥാനം നാമോരോരുത്തരിലും സമുദായത്തിലും സാക്ഷാത്കരിക്കാൻ നാം തീവ്രസന്നദ്ധരായി യത്നിക്കയും വേണം

ദൈവമാതൃഭക്തിക്കു പ്രത്യേകം പ്രതിഷ്ഠിച്ചിരിക്കുന്ന മേയ്മാസം അടുത്തുവരുന്നു. നമ്മുടെ പ്രിയപ്പെട്ട സ്വർഗ്ഗീയ മാതാവിനോടുള്ള നമ്മുടെ ഭക്തി അകമേയും പുറമേയും പ്രദർശിപ്പിക്കുന്നതിനു നിങ്ങൾ ഏവരും ഉത്സാഹിക്കണം. മേയ്മാസം ആദ്യവാരത്തിൽ പാലായിൽവച്ചു് സെൻറ് ജോസഫ്സ് മിഷൻ ഹോമിന്റെ ആഭിമുഖ്യത്തിൽ ഒരു അഖിലേന്ത്യ മിഷൻപ്രദർശനം നടത്തുവാൻ ഒരുക്കങ്ങൾ ചെയ്തുവരുകയാണു്. തൽസംബന്ധമായ കാര്യങ്ങൾ അറിയിച്ചുകൊണ്ടുള്ള സർക്കുലർ ഇതുസഹിതം അയക്കുന്നതിലേക്കു നിങ്ങളുടെ ഗാഢമായ ശ്രദ്ധ ക്ഷണിക്കുകയും ചെയ്യുന്നു.

പിതാവിന്റേയും ✠ പുത്രന്റേയും ✠ പരിശുദ്ധാത്മാവിന്റേയും ✠ നാമത്തിൽ നിങ്ങളേവരേയും നാം ഹൃദയപൂർവ്വം ആശീർവ്വദിക്കുന്നു.

+Sebastian Vayalil

✠ സെബാസ്റ്റ്യൻ വയലിൽ
പാലാ രൂപതയുടെ മെത്രാൻ

മെത്രാസനമന്ദിരം, പാലാ
14—4—1967

N. B. നമ്മുടെ ഈ ഇടയലേഖനം അടുത്ത ഞായറാഴ്ച വിശുദ്ധ കുർബാനയിലേ ഏവൻഗേലിയോൻ കഴിഞ്ഞു പള്ളിയിൽ വായിച്ചുകൊള്ളണം.

Circular No. 114

മിഷൻ പ്രദർശനം

ദൈവവിളിയുടെ അതുല്യമാഹാത്മ്യത്തേയും അതിനെ പരിപോഷിപ്പിക്കേണ്ടതിന്റെ ആവശ്യകതയേയും പറ്റി പരിശുദ്ധ പിതാവു് പോൾ ആറാമൻ തിരുമനസ്സിലേ ഉദ്ബോധനങ്ങൾ നമ്മുടെ ചിന്തയ്ക്കു വിഷയീഭവിച്ചിരിക്കുന്ന അവസരത്തിലാണു്, പാലാ സെൻറ് ജോസഫ്സ് മിഷൻ ഹോം അതിന്റെ രജതജൂബിലിയോടനുബന്ധിച്ചു്, വൻതോതിൽ ഒരു മിഷൻ പ്രദർശനം തയ്യാറാക്കുന്നതു്.

മിഷൻ ചൈതന്യം ഉത്തേജിപ്പിക്കുന്നതിനും ദൈവവിളിയുള്ള യുവാക്കന്മാർക്കു മാർഗ്ഗനിർദ്ദേശവും പരിശീലനവും നൽകുന്നതിനും കാൽനൂറ്റാണ്ടുകാലമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഒരു സ്ഥാപനമാണു മിഷൻ ഹോം. 500-ൽപ്പരം പ്രേഷിതരെ ഭാരതത്തിന്റെ വിവിധ രംഗങ്ങളിലേക്കു് അയക്കുവാൻ ഈ സ്ഥാപനത്തിനു സാധിച്ചിട്ടുണ്ടു്. മിഷൻ ഹോമിന്റെ രജതജൂബിലി ഏപ്രിൽ 30 മുതൽ മേയ് 6 വരെ തീയതികളിൽ വിവിധ പരിപാടികളോടുകൂടി പാലായിൽവച്ചു് ആഘോഷിക്കുകയാണു്. യുവഹൃദയങ്ങളിൽ മറഞ്ഞുകിടക്കുന്ന ദൈവവിളിയുടെ വിത്തുകൾ മുളയെടുക്കുന്നതിനും വളർന്നു വികസിക്കുന്നതിനും ഈയുദ്ദേശ ആഘോഷങ്ങൾ സഹായകമായിരിക്കും.

ജൂബിലിയോടനുബന്ധിച്ചു നടത്തപ്പെടുന്ന അഖിലേന്ത്യൻ മിഷൻ പ്രദർശനം നമ്മുടെ രൂപതയെ സംബന്ധിച്ചിടത്തോളം അഭൂതപൂർവ്വകമായ ഒരു സംഭവമാണു്. ഇന്ത്യ

യുടെ വിദൂര മിഷൻരംഗങ്ങളിൽനിന്നുപോലും അനേകം മിഷനറിമാർ പങ്കെടുക്കുന്ന ഈ പ്രദർശനം കാണുന്നതിനും അതിൽനിന്നു വേണ്ടതു പ്രയോജനമെടുക്കുന്നതിനും എല്ലാവരും തൽപരരാകേണ്ടതാണു്. അറിയാത്ത വസ്തുവിനെ, അതെത്ര വിലയേറിയതായിരുന്നാലും, സ്നേഹിക്കുവാൻ മനുഷ്യനു സാധിക്കുകയില്ല. മിഷൻ പ്രവർത്തനത്തിന്റെ ആവശ്യകത, പ്രാധാന്യം, വിവിധ രൂപങ്ങൾ, മിഷൻ രംഗങ്ങളിലേ യഥാർത്ഥസ്ഥിതിഗതികൾ മുതലായവ മനസ്സിലാക്കുന്നവർക്കേ പ്രേഷിതവേലയെപ്പറ്റി മതിപ്പും സ്നേഹവും താൽപര്യവും ഉണ്ടാവുകയുള്ളൂ. ആകയാൽ, കഴിവുള്ളിടത്തോളം ആളുകൾ പ്രദർശനത്തിലും സമ്മേളനങ്ങളിലും സംബന്ധിക്കണമെന്നു താൽപര്യപ്പെടുന്നു.

ബ. വികാരിമാരും സ്ഥാപനാധികൃതരും ഈ അവസരം വേണ്ടവിധത്തിൽ പ്രയോജനപ്പെടുത്തുവാൻ തങ്ങളുടെ കീഴിലുള്ളവരെ ഉദ്ബോധിപ്പിക്കേണ്ടതാണു്. ഏതെങ്കിലും മിഷനിൽ ചേരാൻ ആഗ്രഹിക്കുന്ന ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും വിവിധ സ്ഥലങ്ങളിൽനിന്നുള്ള മിഷനറിമാരുമായി നേരിട്ടു സമ്പർക്കം പുലർത്തുന്നതിനും കാര്യങ്ങൾ മനസ്സിലാക്കുന്നതിനും ഇതൊരു സുവർണ്ണാവസരമായിരിക്കും. മിഷൻലീഗു സംഘടന ഇക്കാര്യത്തിൽ മുന്നിട്ടിറങ്ങി പ്രവർത്തിക്കണമെന്നും കഴിവതും പേരെ പ്രദർശനത്തിലും മറ്റു പരിപാടികളിലും സംബന്ധിപ്പിക്കുന്നതിൽ താൽപര്യം കാണിക്കണമെന്നും നാം അഭിലഷിക്കുന്നു. ഓരോ ഇടവകയിൽനിന്നും നിശ്ചിതദിവസങ്ങളിൽ ഗ്രൂപ്പുകളായി ചെന്നു് പ്രദർശനം കാണത്തക്കവിധം വേണ്ട ക്രമീകരണങ്ങൾ മുൻകൂട്ടി ചെയ്യുകയും, വിവരം 'റെക്ടർ, മിഷൻ ഹോം, പാലാ' എന്ന മേൽവിലാസത്തിൽ അറിയിക്കുകയും ചെയ്യുന്നതു നന്നായിരിക്കും.

കേരളത്തിൽ ദൈവവിളി പ്രതിവർഷം നൂറുകണക്കിനു വർദ്ധിച്ചുകൊണ്ടാണിരിക്കുന്നതു് എന്നു സന്തോഷകരമായ വസ്തുത ഇത്തരുണത്തിൽ നാം അനുസ്മരിക്കുകയാണു്. വർഷംതോറും 600-ൽപ്പരം ദൈവവിളികൾ നമ്മുടെ രൂപതയിൽത്തന്നെ മുളയെടുക്കുന്നുണ്ടു്. മിഷനുപോകുവാനാഗ്രഹിക്കുന്ന യുവാക്കന്മാർക്കായി "സെൻറു് തോമസ് മിഷനറി സൊസൈറ്റി" സ്ഥാപിതമായിരിക്കുന്ന വിവരം നിങ്ങൾക്കറിവുള്ളതാണല്ലോ. പ്രസ്തുത മിഷനറി സ്ഥാപനത്തിന്റെ അംഗമായി ചേർന്നു ഭാരതത്തിലോ വെളിയിലോ തിരുസിംഹാസനം ഭരമേല്പിക്കുന്ന പ്രേഷിതരംഗത്തു മിഷൻ പ്രവർത്തനം നടത്തുവാൻ കഴിവും തീക്ഷ്ണതയുമുള്ള യുവാക്കന്മാരെ നാം അതിനായി ആഹ്വാനം ചെയ്യുന്നു. S.S.L.C. യെങ്കിലും പാസ്സായിട്ടുള്ള വിദ്യാർത്ഥികൾക്കു് "റെക്ടർ, ഗ്രഡ്ഷെപ്പേർഡ് മൈനർ സെമിനാരി, കരുർ P.O. പാലാ" എന്ന വിലാസത്തിൽ അപേക്ഷിക്കാം.

പരമകാരുണികനായ ദൈവം നിങ്ങളേവരേയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

മെത്രാസനമന്ദിരം,
പാലാ
14—4—1967

✠ സെബാസ്റ്റ്യൻ വയലിൽ
പാലാ രൂപതയുടെ മെത്രാൻ

N. B. ഈ സർക്കുലർ അടുത്തഞായറാഴ്ച പള്ളിയിൽ വായിക്കണം.

ബ. വൈദികരുടെ സ്ഥലംമാറ്റം

ഐക്കരക്കുന്നേൽ ബ. ദേവസ്യാച്ചൻ, താണോലി പള്ളി വികാരി
പ്ലാക്കുട്ടത്തിൽ ബ. യൗസേപ്പച്ചൻ, കളത്തുക്കടവ് ,,
വെട്ടിക്കൽ ബ. തോമ്മാച്ചൻ, ചെമ്പിളാവ് ,,
കളരിപ്പറമ്പിൽ ബ. ജോസഫ് അച്ചൻ, നരിയങ്ങാനം ,,
കപ്പലുമാക്കൽ ബ. ഗീവറുഗീസച്ചൻ, കൂടയത്തൂർ ,,
പാട്ടത്തിൽ ബ. ഫ്രാൻസീസച്ചൻ (Sr.), പൈങ്ങളം ,,
തെക്കേമുറിയിൽ ബ. അബ്രാഹം അച്ചൻ, പാറ്റവാ ,,
പാലംകുന്നേൽ ബ. തോമസ് അച്ചൻ, ഉരുളികുന്നം ,,
വള്ളിപ്പാലത്തുങ്കൽ ബ. ജോബ് അച്ചൻ, മണ്ണക്കനാട് ,,
പൂവത്തുങ്കൽ ബ. സക്കറിയാസച്ചൻ, ഇടമറ്റം ,,
നെടുംപുറത്തു ബ. ജോസഫ് അച്ചൻ, തോടനാൽ ,,
മധുരപ്പുഴ ബ. സക്കറിയാസച്ചൻ, പിറവം മിഷൻപള്ളി,,
നടയ്ക്കൽ ബ. സെബാസ്റ്റ്യൻ അച്ചൻ, പാളയം ,,
പാട്ടത്തിൽ ബ. ഫ്രാൻസീസച്ചൻ (Jr.), പെരുന്തുരുത്ത് ,,
തോണക്കരപ്പാറേൽ ബ. ജോസഫ് അച്ചൻ, മുത്തോലപുരം അസി. വികാരി
തെക്കേമുറിയിൽ ബ. ഗീവറുഗീസച്ചൻ, ക്രൂടല്ലൂർ ,,
പെരുവേലിൽ ബ. സെബാസ്റ്റ്യനച്ചൻ, കാഞ്ഞിരമറ്റം ,,
തെങ്ങുംപള്ളിൽ ബ. സെബാസ്റ്റ്യനച്ചൻ, കോതനല്ലൂർ ,,
തൊട്ടുവേലിൽ ബ. ജോൺ അച്ചൻ, ഇലഞ്ഞി ,,
തണ്ണിപ്പാറെ ബ. അലക്സാണ്ടർ അച്ചൻ, തീക്കോയി ,,
തുരുത്തിപ്പള്ളിൽ ബ. ജോൺ അച്ചൻ, ക്രൂട്ടിക്കൽ ,,
ഞരളക്കാട്ട ബ. ഫിലിപ്പ് അച്ചൻ, പൂഞ്ഞാർ ,,
കക്കാട്ടിൽ ബ. ജോജ്ജ് അച്ചൻ, കടപ്ലാമറ്റം, ,,
മുക്കത്തു ബ. ജോസഫ് അച്ചൻ, നീലൂർ ,,
കൊച്ചുപുരക്കാനാൽ ബ. ജോസഫ് അച്ചൻ, പൂവരണി ,,
വയലിൽകളപ്പുര ബ. മത്തായി അച്ചൻ, മൂഴൂർ ,,

1967–ലെ നവവൈദികർ

1 റവ. ഫാ. ജോജ്ജ് കക്കാട്ടിൽ, പാടിവാ

2 ,, ,, ഫിലിപ്പ് ഞരളക്കാട്ട്, പൂഞ്ഞാർ

3 ,, ,, ജോസഫ് മുക്കത്തു്, കുറവിലങ്ങാട്ട്

4 ,, ,, ജോജ്ജ് തെക്കേമുറി, കൊഴുവനാൽ

5 ,, ,, ജോസഫ് തോണക്കരപ്പാറേൽ, കൊഴുവനാൽ

6 ,, ,, ജോൺ തുരുത്തിപ്പള്ളി, തുരുത്തിപ്പള്ളി

7 ,, ,, മാത്യു വയലിൽകളപ്പുര, പാലാ

8 ,, ,, ജോജ്ജ് അറക്കപ്പടവിൽ, അരുന്തുറിമംഗലം

9 ,, ,, എമ്മാനുവൽ മേച്ചേരിക്കുന്നേൽ, കാളികാവു്

10 ,, ,, അലക്സാണ്ടർ ആലാനി, പൂഞ്ഞാർ

മതാധ്യാപകസെമിനാർ, 1967

ഈ വഷ്ത്തേ മതാധ്യാപകസെമിനാർ ഏപ്രിൽ 10, 11, 12 എന്നീ തീയതികളിൽ പാലാ, രാമപുരം, ഭരണങ്ങാനം, അരുവിത്തുറ, കുറവിലങ്ങാട്ട്, മുട്ടുചിറ എന്നീ ഫൊറോന കേന്ദ്രങ്ങളിൽവച്ചു സമംഗളം നടന്നിരിക്കുന്നു. അഭിവന്ദ്യപിതാവു് എല്ലാ കേന്ദ്രങ്ങളിലും മതബോധനത്തിന്റെ പ്രാധാന്യത്തെക്കുറിച്ചു പ്രസംഗിക്കുകയുണ്ടായി. റവ. ഡോ. കുര്യാക്കോസ് മ്യാലിൽ, സാധു ഇട്ടിയവിരാ, എസ്. കുര്യൻ വേമ്പേനി, റവ. ഡോ. ജോൺ പെരുമറ്റം എന്നിവർ യഥാക്രമം "മതബോധനം — ലക്ഷ്യവും കാര്യക്ഷമതയും", "മതപഠനവും ദൈവസ്നേഹവും", "മതബോധനം ആകർഷകമാകുവാൻ", "മതപഠനവും കൗമാരികജീവിതവും" എന്നീ വിഷയങ്ങളെ ആസ്പദമാക്കി ക്ലാസ്സുകൾ എടുത്തു. നാലുമണിക്കുശേഷം സണ്ടേസ്കൂൾ ഹെഡ്മാസ്റ്റേഴ്സ് കോൺഫ്രൻസ് സമ്മേളിച്ചു് മതബോധനം കാര്യക്ഷമമാക്കുന്നതിനുള്ള മാർഗ്ഗങ്ങൾ ചർച്ചചെയ്തു. ഓരോ ഫൊറോനായിൽനിന്നും നാലുപേരെവീതം പ്രതിനിധികളായി തിരഞ്ഞെടുത്തിട്ടുണ്ടു്.

മതബോധന ഡയറക്ടർ

തൃപതാണ്ഡയറി

മാച്ച് 2, 1967. വന്ദ്യപിതാവ് സെൻറ് തോമസ് കോളെജിൻെറ സോഷ്യലിൽ സംബന്ധിച്ചു.

4. പ്രാർത്ഥനാൽ പള്ളിയിൽ ഔദ്യോഗികസന്ദർശനം നടത്തി.

5. വന്ദ്യപിതാവ് പാലാ സെൻറ് മേരീസ് ഹൈസ്കൂളിൽ വച്ച് നടത്തപ്പെട്ട യുവസാഹിത്യകാരന്മാരുടെ സെമിനാർ ഉദ്ഘാടനം ചെയ്തു.

ഉച്ചകഴിഞ്ഞ് മണിയങ്കന്നു യു. പി. സ്കൂളിൻെറ ജൂബിലിയോടനുബന്ധിച്ചു നടത്തപ്പെട്ട മീറ്റിംഗിൽ ആദ്ധ്യക്ഷ്യം വഹിച്ചു.

6. ഭരണങ്ങാനം കപ്പുച്ചിൻ ആശ്രമത്തിൽ വന്ദ്യപിതാവു മാസധ്യാനത്തിൽ പങ്കുകൊണ്ടു.

11. ളാലം സെൻറ് മേരീസ് പള്ളിയിൽവച്ച് ഏഴു ശമ്മാശന്മാർക്കു വൈദികപട്ടവും 16 പേർക്ക് മ്ശംശാനാ, ഹെവ്പ്പദ്യാക്കോനാ, കാറോയ എന്നീ പട്ടങ്ങളും നല്കി.

13. വന്ദ്യപിതാവ് ചങ്ങനാശേരി അതിരൂപതയിലേ ശമ്മാശന്മാർക്കു അവിടത്തേ കത്തീഡ്രൽ പള്ളിയിൽവച്ചു വിവിധപട്ടങ്ങളും നല്കി.

14. അരുവിത്തുറ വെയിൽകാണാംപാറ സ്കൂളിൻെറ ജൂബിലിയോടനുബന്ധിച്ചു നടത്തപ്പെട്ട പൊതുയോഗത്തിൽ ആദ്ധ്യക്ഷ്യം വഹിച്ചു.

20, 21. ബിഷപ്സ് ഹൗസ് ചാപ്പലിൽവച്ച് രണ്ടു ശമ്മാശന്മാർക്കു ഹെവ്പ്പദ്യാക്കോനാ പട്ടവും മ്ശംശാനാ പട്ടവും നല്കി.

23. വന്ദ്യപിതാവ് കത്തീഡ്രൽ പള്ളിയിൽവച്ചു സൈത്തു വെഞ്ചരിപ്പുകർമ്മം നടത്തി; സമൂഹബലി അർപ്പിച്ചു.

24. കത്തീഡ്രൽ പള്ളിയിൽവച്ചു ദു:ഖവെള്ളിയാഴ്ചത്തേ തിരുക്കർമ്മങ്ങളും നടത്തി.

25. കത്തീഡ്രൽ പള്ളിയിൽ സമൂഹബലി അർപ്പിച്ചു.

26. ഈസ്റ്റർദിനമായ ഇന്നു വന്ദ്യപിതാവു കത്തീഡ്രൽപള്ളിയിൽ ആഘോഷപൂർവ്വമായ പൊന്തിഫിക്കൽ കുർബാന അർപ്പിച്ചു.

29. ആലുവാ പൊന്തിഫിക്കൽ സെമിനാരിയിൽവച്ചുകൂടിയ സിറിയൻ ബിഷപ്സ് കോൺഫ്രൻസിൽ സംബന്ധിച്ചു.

വൈകുന്നേരം കളമശ്ശേരിയിലേ കർമ്മലീത്താ പ്രൊവിൻഷ്യൽ ഹൗസ് സന്ദർശിച്ചു.

30. ആലുവാ പൊന്തിഫിക്കൽ സെമിനാരിയിൽവച്ചു കൂടിയ സീറോമലബാർ ബിഷപ്സ് കോൺഫ്രൻസിൽ സംബന്ധിച്ചു.

ഏപ്രിൻ 3. ഏഴാച്ചേരിയിൽ പണതീരിക്കുന്ന തിരുഹൃദയമഠത്തിന്റെ വെഞ്ചരിപ്പുകർമ്മം നടത്തി.

5. വന്ദ്യപിതാവ് പാലാ സെന്റ് മേരിസ് കോൺവന്റ് ചാപ്പലിൽവച്ച് ക്ലാരസഭയിലേ അത്മിനികൾക്കു സഭാവസ്ത്രം നല്കി.

8. തിരുഹൃദയസഭയിലേ അത്മിനികൾക്കു പാലാ തിരുഹൃദയമഠത്തിൽവച്ചു സഭാവസ്ത്രം നല്കി.

9. ദൈവവിളിദിനംപ്രമാണിച്ചു കത്തീഡ്രൽ ഇടവകയിൽ നടത്തപ്പെട്ട മീറ്റിംഗിൽ ആധ്യക്ഷ്യം വഹിച്ചു.

10. പാലായിലും രാമപുരത്തുംവച്ച് നടത്തപ്പെട്ട മതാധ്യാപകസെമിനാർ ഉദ്ഘാടനം ചെയ്തു.

രാമപുരത്തു ദൈവവിളിധ്യാനത്തിൽ സംബന്ധിച്ചുകൊണ്ടിരുന്ന കുട്ടികളോട് ഉപദേശം പറഞ്ഞു.

11. ഭരണങ്ങാനം, അരുവിത്തുറ എന്നീ ഫൊറോനാകേന്ദ്രങ്ങളിൽവച്ചു നടത്തപ്പെട്ട മതാധ്യാപകസെമിനാർ ഉദ്ഘാടനംചെയ്തു,

12. കറവിലങ്ങാട്ടും മുട്ടുചിറയും മതാധ്യാപകസെമിനാർ ഉദ്ഘാടനം ചെയ്തു.

14. വന്ദ്യപിതാവു വിശ്രമാത്ഥം പീരുമേട്ടിലേക്കു പോയി.

Printed at the St. Thomas Press, Palai
Published by Fr. Thomas Purayidom